**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3354** **01-03-2023 - ൽ മറുപടിയ്ക്ക്**

**സ്ഥലമേറ്റെടുക്കൽ വേഗത്തിലാക്കുന്നതിന് നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | വിവിധ എസ്.പി.വി. കളുടെ ആഭിമുഖ്യത്തിൽ കിഫ്ബി പദ്ധതിയിലൂടെ നടന്നുവരുന്ന റോഡ് വികസന പദ്ധതികൾക്ക് സ്ഥലമേറ്റെടുക്കുന്ന നടപടികൾ നീണ്ടുപോകുന്നത് മൂലം ജലജീവൻ പദ്ധതി മുഖേനയുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ സാധിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | 2024-ൽ ജലജീവൻ പദ്ധതി പൂർണ്ണമായും നടപ്പാക്കേണ്ടതുള്ളതിനാൽ സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി ഒരു സമഗ്ര പാക്കേജ് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ; സ്ഥലമേറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുന്നതിനോ ലഘൂകരിക്കുന്നതിനോ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ബി) | ജലജീവൻ മിഷൻ പദ്ധതിയ്ക്കായി കേരള വാട്ടർ അതോറിറ്റിയ്ക്ക് ആവശ്യമായ റവന്യൂ പുറമ്പോക്ക് ഭൂമികളുടെ വിഷയത്തിൽ ലഭ്യമായ എല്ലാ അപേക്ഷകളിലും പെർമിസ്സീവ് സാങ്ഷൻ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. ജലജീവൻ മിഷൻ പദ്ധതിയ്ക്കായി സ്വകാര്യ ഭൂമി ഏറ്റെടുക്കുന്ന വിഷയത്തിൽ കേരള വാട്ടർ അതോറിറ്റി ബന്ധപ്പെട്ട പഞ്ചായത്തുകളുമായി ചേർന്ന് സ്വകാര്യ ഉടമകളിൽ നിന്ന് Kerala Panchayati Raj (Acquisition & Disposal of Property), ചട്ടം 2005 പ്രകാരം നേരിട്ട് ഭൂമി ഏറ്റെടുക്കുന്ന നടപടിയാണ് സ്വീകരിച്ച് വരുന്നത്. പ്രസ്തുത സ്വകാര്യ ഭൂമികളുടെ വിലനിർണ്ണയ സാക്ഷ്യപത്രം (valuation certificate) നൽകുന്ന നടപടി മാത്രമാണ് റവന്യൂ വകുപ്പിൽ സ്വീകരിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ